# അത്യാധുനിക ഐ ക്യൂ എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം ചെയ്തു

22/06/2024 07:16 PM IST

മൈക്കിൾ വർഗ്ഗീസ് ചെങ്ങാടക്കരി

അത്യാധുനിക ഐ ക്യൂ എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം ചെയ്തു

കൊച്ചി: രാജ്യത്തിൻറെ സമുദ്രോത്പന്ന കയറ്റുമതിയെ ഉയർത്താൻ പ്രകൃതിദത്ത റഫ്രിജറൻ്റുകളിൽ ഒന്നായ കാർബൺ ഡൈ ഓക്സൈഡ് റഫ്രിജറൻ്റുകൾ ഉപയോഗിച്ചുള്ള അത്യാധുനിക ഐ ക്യൂ എഫ് ടണൽ ഫ്രീസർ കൊച്ചിയിലെ ബെൽഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിൽ 2024 ജൂൺ 20–ന് ഉദ്ഘാടനം ചെയ്തു.

ഐ സി എ ആർ – സിഫ്ട്, എൻ ടി എൻ യു, നോർവേ വിദേശകാര്യ മന്ത്രാലയം എന്നിവരുടെ സഹകരണത്തോടെ "ഫ്യൂച്ചർ റഫ്രിജറേഷൻ ഇന്ത്യ: ഇൻഡി+ " പദ്ധതിക്ക് കീഴിലാണ് പ്രകൃതിദത്ത റഫ്രിജറൻ്റുകളിൽ ഒന്നായ കാർബൺ ഡൈ ഓക്സൈഡ് പ്രവർത്തിപ്പിച്ച് റഫ്രിജറേഷൻ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിരിക്കുന്നത്. വളരെ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ ഈ കാർബൺ ഡൈ ഓക്സൈഡ് കാസ്കേഡ് റഫ്രിജറേഷൻ സിസ്റ്റം ഉപയോഗിച്ച് മത്സ്യഉത്പന്നങ്ങളെ –43 ° സെൽഷ്യസിൽ തണുപ്പിക്കാൻ കഴിയും.

കൊച്ചിയിലെ സി എഫ് –ടെക് പ്രൈവറ്റ് ലിമിറ്റഡാണ് കാർബൺ ഡൈ ഓക്സൈഡ് കാസ്കേഡ് ഐ ക്യൂ എഫ് ഫ്രീസർ യൂണിറ്റ് നിർമിച്ച് നൽകിയിരിക്കുന്നത്.
യു സി ഒ ബാങ്ക്, എറണാകുളം സോണൽ മാനേജർ ശ്രീ. അജിത്ത്, ബ്രാഞ്ച് മാനേജർ ശ്രീ. പ്രവീൺ എന്നിവർ ചേർന്ന് കാർബൺ ഡൈ ഓക്സൈഡ് റഫ്രിജറൻ്റ് ഉപയോഗിച്ചുള്ള ഐ ക്യൂ എഫ് ടണൽ ഫ്രീസർ ഉദ്ഘാടനം ചെയ്തു. സിഐഎഫ്ടി പ്രോജക്ട് സ്റ്റാഫുകൾ ശ്രീ വിജു പുതുശ്ശേരിൽ, ഡോ ഷെറിമോൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.